പഞ്ചായത്തു ജീവനക്കാരുടെ നിയമനം

* 68. [95] ശ്രീ. റഫീ. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണമന്ത്രി സഭയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിലേക്ക് കൂടുതൽ ജീവനക്കാരെ നിയമിക്കാൻ എന്തെങ്കിലും നിർദ്ദേശമുണ്ടോ ;

(ബി) ഇപ്പോഴത്തെ ജീവനക്കാർക്ക് ശമ്പളം നൽകാൻ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന പഞ്ചായത്തുകളിൽ ഇനിയും കൂടുതൽ ജീവനക്കാരെ നിയമിച്ച് അവർക്ക് സാമ്പത്തികഞെരുക്കം ഉണ്ടാക്കുന്നതിന്റെ ആവശ്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) :

(എ) പഞ്ചായത്തുകളിലേക്ക് കൂടുതൽ ജീവനക്കാരെ നിയമിക്കാനുള്ള നിർദ്ദേശങ്ങളൊന്നുമില്ല

(ബി) മേൽ പ്രസ്താവിച്ചതിന്റെ വെളിച്ചത്തിൽ പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. ടി. എ മജീദ് : അടുത്തകാലത്തായി പഞ്ചായത്തിലേക്ക് ജീവനക്കാരെ നിയമിക്കാനുള്ള അധികാരം ഡിസ്ട്രിക്ട് പഞ്ചായത്തു ആഫീസർമാർക്ക് വിട്ടുകൊടുത്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ കാരണം എന്താണ് ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : നിയമപ്രകാരം പഞ്ചായത്തുകളിലാണ് അധികാരം നിക്ഷിപ്തമായിരിക്കുന്നത്. എന്നാൽ കോമൺസർവ്വീസ് നിലവിൽ വന്നതിനുശേഷം ഡിസ്ട്രിക്ട് പഞ്ചായത്താഫീസർമാരെ അധികാരപ്പെടുത്തുകയുണ്ടായി.

ശ്രീ. ടി. എ. മജീദ് : ഡിസ്ട്രിക്ട് പഞ്ചായത്താഫീസർമാർ ഈ നിയമനാധികാരം ദുരുപയോഗപ്പെടുത്തുന്നതിനാൽ തൽക്കാലം നിയമനം നടത്തേണ്ട എന്നു തീരുമാനിച്ചിട്ടുണ്ടോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : അങ്ങനെ പരാതികൾ ഉണ്ടായിട്ടുണ്ട്. കോമൺസർവ്വീസ് വന്നുകഴിഞ്ഞതിനാൽ നിയമനാധികാരമുള്ള ഒരു ഏജൻസി വേണം. അത് ആരായിരിക്കണമെന്ന് ആലോചിച്ചപ്പോൾ ഡിസ്ട്രിക്ട് പഞ്ചായത്ത് ആഫീസർമാരായിരിക്കും നല്ലതെന്നു മനസ്സിലായി. ഇതേ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്വേഷിച്ച് വേണ്ട നടപടി എടുക്കാം.

ശ്രീ. പി. കുഞ്ഞൻ : റഫീ. സി. ഏരിയായിലും മലബാർ ഏരിയായിലും പഞ്ചായത്തുകളിൽ ജോലി ചെയ്യുന്ന കണ്ടിജൻസി ജീവനക്കാരുടെ സേവന വ്യവസ്ഥകൾ വ്യത്യസ്തമായ രീതിയിലാണ് ഇന്നു നിലനിൽക്കുന്നത്. മലബാർ ഏരിയായിലെ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സ്വീപ്പർ അതുപോലുള്ള എല്ലാ ജീവനക്കാർക്കും ശമ്പളസ്കെയിൽ കൊടുത്തിട്ടില്ലെന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെൻറിൽ നിവേദനം സമർപ്പിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിൻമേൽ എന്തു തീരുമാനമെടുത്തു എന്നു പറയാമോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : പ്രത്യേകമായ നിവേദനങ്ങളൊന്നും ഓർമ്മിക്കുന്നില്ല. പല നിവേദനങ്ങളും അതു സംബന്ധമായി കിട്ടിയിട്ടുണ്ട്. അതെല്ലാം ഗവൺമെൻറ് പരിഗണിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly